പത്രക്കുറിപ്പ്
30-4-2018

# സംരംഭകരുടെ വരുമാന വർധനവിന് ജില്ലകൾ തോറും കുടുംബശ്രീയുടെ
# പൊതുസേവന കേന്ദ്രങ്ങൾ

തിരുവനന്തപുരം: സംസ്ഥാനത്തെ കുടുംബശ്രീ സംരംഭ കൂട്ടായ്മയിലൂടെ ഗുണ നിലവാരമുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും അതിന്റെ വിപണനത്തിലൂടെ സംരംഭകരുടെ സാമ്പത്തിക നിലവാരം ഉയർത്തുന്നതിനും ജില്ലാ അടിസ്ഥാനത്തിൽ പൊതു സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കുടുംബശ്രീ സംരംഭകരുടെ പൊതുസേവനത്തിനായി പന്ത്രണ്ട് ജില്ലകളിൽ 19 പൊതു സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള കെട്ടിടം അതത് തദ്ദേശ ഭരണ സ്ഥാപനം നൽകും. പദ്ധതിക്കായി കുടുംബശ്രീ 50 ലക്ഷം രൂപ വരെ ചെലവഴിക്കും. പദ്ധതിയുടെ 60 ശതമാനം തുക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും 15 ശതമാനം കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനും അറ്റകുറ്റ പണികൾക്കും 15 ശതമാനം പരിശീലനത്തിനും പത്തു ശതമാനം ഉൽപന്നത്തിന്റെ ഡിസൈനിങ്ങ്, പായ്ക്കിങ്ങ് എന്നിവ മെച്ചപ്പെടുത്താനും മാർക്കറ്റിങ്ങിനുമാണ്.

ഒരേ തരത്തിലുള്ള ഉൽപന്നങ്ങളെ ക്ളസ്റ്റർ ചെയ്ത് സംരംഭകരുടെ കൺസോർഷ്യം രൂപീകരിക്കുക എന്നതാണ് പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുക വഴി പ്രധാനമായും ലക്ഷ്യമിടുന്നത്. പ്രധാനമായും അപ്പാരൽ, ഭക്ഷ്യഉൽപന്നങ്ങൾ, സിമന്റ് ബ്രിക്സ് തുടങ്ങിയ മേഖലകളിലെ ഉൽപാദനവും നിർമാണവുമാണ് ലക്ഷ്യമിടുന്നത്. ഒരു പ്രദേശത്തെ സംരംഭകർക്ക് ഒരു കുടക്കീഴിൽ ഉൽപന്ന നിർമാണം, പായ്ക്കിങ്ങ്, ഗുണമേൻമ ഉറപ്പാക്കൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും നടത്താവുന്ന തൊഴിലിടമായിട്ടായിരിക്കും പൊതുസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം. സമാന രീതിയിൽ പ്രവർത്തിക്കുന്ന എല്ലാ സംരംഭകരെയും ജില്ലാ അടിസ്ഥാനത്തിൽ കണ്ടെത്തി ആവശ്യമായ പിന്തുണ ലഭ്യമാക്കിക്കൊണ്ട് പൊതു സേവനകേന്ദ്രങ്ങൾ ആരംഭിക്കുക എന്നതാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ 4525 കുടുംബശ്രീ വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ഉപഭോക്താക്കൾക്ക് ഗുണനിലവാരവും ന്യായവിലയുമുള്ള ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം സംരംഭകരുടെ സാമ്പത്തിക വർധനവ് ഉറപ്പാക്കുക, ഉൽപാദന ശേഷി വർധിപ്പിക്കുക, യൂണിറ്റുകൾക്ക് ഉൽപന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ

പൊതുയന്ത്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക എന്നതും പൊതു സേവന കേന്ദ്രങ്ങൾ വഴി കുടുംബശ്രീ ലക്ഷ്യമിടുന്നു. സംരംഭകർക്ക് ഉൽപന്നങ്ങൾ കുറഞ്ഞ നിരക്കിൽ കൂടുതൽ അളവിൽ ഉൽപാദിപ്പിക്കാൻ കഴിയുന്നതോടെ ഒരു പ്രദേശത്തു നിന്ന് വൻതോതിൽ ബ്രാൻഡഡ് ഉൽപന്നങ്ങൾ നിർമിക്കാൻ കഴിയും. ഇതിനാവശ്യമായ മികച്ച സാങ്കേതിക ക്ഷമതയുള്ള യന്ത്രങ്ങൾ തനിച്ചു വാങ്ങാൻ കഴിയാത്ത സംരംഭകർക്ക് ഇത്തരം യന്ത്രങ്ങൾ പൊതു സേവന കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതോടെ കൂടുതൽ അളവിൽ ഉൽപാദനം നടത്താൻ കഴിയും. അതോടൊപ്പം മികച്ച സാങ്കേതിക സഹായവും ലഭിക്കും.

പൊതുസേവന കേന്ദ്രങ്ങൾ വഴി അസംസ്കൃത വസ്തുക്കൾ ഒരുമിച്ചു വാങ്ങുന്നതു കൊണ്ട് ഉൽപാദന ചെലവു കുറയ്ക്കാൻ കഴിയുമെന്നതും നേട്ടമാണ്. ഭക്ഷ്യ ഉൽപന്നങ്ങൾ തയ്യാറാക്കുന്ന കേന്ദ്രങ്ങളിൽ ഉൽപന്നം പരിശോധിക്കുന്നതിനുള്ള ലാബ് സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. ഈ രംഗത്ത് മികച്ച പ്രഫഷണലുകളുടെ മേൽനോട്ടവും മാർഗനിർദേശവും ഉറപ്പാക്കാനും സാധിക്കുന്നതു വഴി മികച്ച രീതിയിലുള്ള മാർക്കറ്റിങ്ങ് സംവിധാനവും ഒരുക്കാൻ കഴിയും. കൂടാതെ ഉൽപന്നത്തിന്റെ വിപണനത്തിലും പൊതുവായ മാനദണ്ഡം(കോമൺ പ്രോട്ടോകോൾ) ഉറപ്പു വരുത്തും. പൊതുവായ പായ്ക്കിങ്ങ്, മാർക്കറ്റിങ്ങ്, ബ്രാൻഡിങ്ങ് എന്നിവ ലഭ്യമാക്കുന്നതോടൊപ്പം കുടുംബശ്രീ ഉൽപന്നങ്ങൾ സ്ഥിര വിപണനത്തിന് ലഭ്യമാക്കുക എന്നതിന് പ്രത്യേക ഊന്നൽ നൽകും. മേൽനോട്ട ചുമതല അതത് ജില്ലാ മിഷൻ അധികൃതർക്കാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**